**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3761** **27-06-2024 - ൽ മറുപടിയ്ക്ക്**

**എ. ഐ. ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എ. ഐ. ക്യാമറയുടെ പ്രവർത്തനഫലമായി കണ്ടെത്തുന്ന മുഴുവൻ ട്രാഫിക് കുറ്റകൃത്യങ്ങൾക്കും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | എഐ ക്യാമറകൾ വഴി കണ്ടെത്തുന്ന നിയമ ലംഘനങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് സാങ്കേതികമായി തെറ്റുകൾ ഇല്ല എന്ന് ഉറപ്പാക്കിയ നിയമ ലംഘന ങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി കെൽട്രോണും മോട്ടോർവാഹനവകുപ്പും തമ്മിലുള്ള ധാരണാപത്രം പ്രകാരം ഒരു വർഷം 25 ലക്ഷം നോട്ടീസുകൾ ആണ് അയക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ 2023 ജൂൺ 5 ന് പദ്ധതി പ്രവർത്തനം ആരംഭിച്ചതിനു ശേഷം 25 ലക്ഷം നോട്ടീസുകൾ അയച്ചിട്ടുണ്ട്. ബാക്കിയുള്ള നിയമലംഘനങ്ങൾക്കു വാഹന ഉടമകൾ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേക്കു എസ് എം എസ് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട് . 2024ജൺ-1 നു ശേ ഷമുള്ള നിയമ ലംഘനങ്ങൾക്കു തപാൽ മുഖേന 1, 84, 761 നോട്ടീസുകൾ അയച്ചിട്ടുണ്ട് . |
| (ബി) | എ.ഐ. ക്യാമറ വഴി കണ്ടെത്തിയ നിയമലംഘനങ്ങൾ പരിശോധിക്കുന്നതിന് സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെയെന്നു വെളിപ്പെടുത്താമോ; | (ബി) | എ.ഐ ക്യാമറകൾ വഴി കണ്ടെ ത്തുന്ന നിയമ ലംഘനങ്ങൾ പരിശ ോ ധിക്കാനും വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് കൃത്യമായി റീഡ് ചെയ്തിട്ടുണ്ടോ എന്ന് പുനഃപരിശോധിക്കാനും നോട്ടീസുകൾ പ്രിൻറ് ചെയ്ത തപാൽ അയക്കുന്നതിനുമായി 14 ജില്ലാ കണ് ട്രോൾ റൂമുകളിലും ആയി 8 4 കണ് ട്രോൾ ഓപ്പറേറ്റർമാരെയും 14 സൂപ്പർവൈസർമാരെയും 16 സിസ്റ്റം അഡ്മിൻമാരെയും നിയമിച്ചിട്ടുണ്ട്. ഓപ്പറേറ്റർമാർ ഫോർവേഡ് ചെയ്യുന്ന നിയമ ലംഘനങ്ങൾ മോട്ടർവാഹന വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് അപ്രൂവ് ചെയ്യുന്ന ഈ ചലാൻ പ്രിന്റ് ചെയ്ത് വാഹന ഉടമകളുടെ മേൽ വിലാസത്തേക്കു തപാൽ മുഖേനെ അയയ്ക്കാനും ആവശ്യമായ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട് . |
| (സി) | മോട്ടോർ വാഹന വകുപ്പിന്റെ 14 കൺട്രോൾ റൂമുകളിലും എ. ഐ. ക്യാമറയുടെ പ്രവർത്തനങ്ങൾ | (സി) | എ.ഐ ക്യാമറകൾ വഴി കണ്ടെ ത്തുന്ന നിയമ ലംഘനങ്ങൾ പരിശ ോ ധിക്കാനും വാഹനങ്ങളുടെ |

| | | | |
|---|---|---|---|
| | മനസ്സിലാക്കി കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ? | | നമ്പർ പ്ലേറ്റ് കൃത്യമായി റീഡ് ചെയ്തിട്ടുണ്ടോ എന്ന് പുനഃപരിശോധിക്കാനും നോട്ടീസുകൾ പ്രിൻറ് ചെയ്ത തപാൽ അയക്കുന്നതിനുമായി 14 ജില്ലാ കണ് ട്രോൾ റൂമുകളിലും ആയി 8 4 കണ് ട്രോൾ ഓപ്പറേറ്റർമാരെയും 14 സൂപ്പർവൈസർമാരെയും 16 സിസ്റ്റം അഡ്മിൻമാരെയും നിയമിച്ചിട്ടുണ്ട്. ഓപ്പറേറ്റർമാർ ഫോർവേഡ് ചെയ്യുന്ന നിയമ ലംഘനങ്ങൾ മോട്ടർവാഹന വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് അപ്രൂവ് ചെയ്യുന്ന ഈ ചലാൻ പ്രിന്റ് ചെയ്ത് വാഹന ഉടമകളുടെ മേൽ വിലാസത്തേക്കു തപാൽ തപാൽ മുഖേനെ അയയ്ക്കാനും ആവശ്യമായ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ